പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2866.

14.02.2013-ലെ മറുപടിയ്ക്ക്

## കാസർഗോഡ് മഞ്ചേശ്വരം മണ്ഡലങ്ങളിലെ പുതിയ ടൂറിസം പദ്ധതികൾ.

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്**<br>**ശ്രീ. പി.ബി. അബ്ദുൾ റസാക്** | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലങ്ങളിൽ ഏതെങ്കിലും പുതിയ ടൂറിസ്റ്റ് പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോട്ടെ സ്റ്റേഡിയം സ്ക്വയർ പാർക്ക് നിർമ്മാണത്തിനായി 85 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി യിട്ടുണ്ട്. കൂടാതെ BDRC-യുടെ വാട്ടർ സപ്ലൈ സ്കീമിനായി 1 കോടി രൂപയുടെയും ബേക്കലിൽ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിന് 4,43,75,277 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഏതെങ്കിലും ടൂറിസം പദ്ധതികൾ പൂർത്തീകരിച്ചുവരികയായിരുന്നോ; എങ്കിൽ അവയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് നിർമ്മാണത്തിലിരുന്ന 710 ലക്ഷം രൂപ ഭരണാനുമതി ലഭിച്ച നീലേശ്വരം-വലിയപറമ്പ റോഡ് വികസനത്തിന്റെ 70% പൂർത്തിയായിട്ടുണ്ട്. കൂടാതെ 525 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള പനത്തടി-റാണിപുരം റോഡ് നവീകരണവും നടന്നു വരുന്നു.<br>ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് 20.21 |

| | |
|---|---|
| | കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള പ്രോജക്ട് പ്രൊപ്പോസൽ Improvements of Road leading to Resorts-ൽ ഉൾപ്പെട്ടിട്ടുള്ള പാലക്കുന്ന് - മലാംകുന്ന് റോഡ്, പള്ളം - കാപ്പിൽ റോഡ്, ഉദുമ - ബേപ്പൂർ റോഡ് എന്നീ പദ്ധതികൾ പൂർത്തിയായിട്ടുള്ളതാണ്. |
| (സി) കേരളത്തിലെ ഏറ്റവും പിന്നോക്ക ജില്ലകളിലൊന്നായ കാസർഗോഡ് ജില്ലയിലെ ടൂറിസം സാധ്യതകൾ കണ്ടെത്തുന്നതിന് ഏതെങ്കിലും സമിതികളെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതേക്കുറിച്ചാലോചിക്കുമോ? | (സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ